പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 16 30.11.2015-ന് മറുപടി നൽകേണ്ടത്

## സർക്കാർ ജീവനക്കാർ

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര ; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; ഇപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ട് ; വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുഭരണ വകുപ്പിൻ കീഴിലുള്ള സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ ഓഫീസുകളിലുമായി 152 ജീവനക്കാർ ഉണ്ടായിരുന്നു. ഇതിൽ 27 പേർ റിട്ടയർ ചെയ്യുകയും 2 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സൈനികക്ഷേമ വകുപ്പിൽ ഇപ്പോൾ 148 ജീവനക്കാർ ഉണ്ട്.<br>സെക്രട്ടറിയേറ്റിൽ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 263 ജീവനക്കാർ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കാലയളവിൽ 233 ജീവനക്കാർ വിരമിച്ചു. 10 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. നിലവിൽ 269 ജീവനക്കാർ പൊതുഭരണ വകുപ്പിലുണ്ട്.<br>മറ്റു വിഭാഗം ജീവനക്കാരെയും വകുപ്പുകളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ